# കൃതജ്ഞത

പ്രബന്ധരചന പൂർത്തിയാക്കുവാൻ എന്നെ സഹായിച്ച വിശിഷ്ടവ്യക്തികളിൽ ഏറ്റവും പ്രധാനി എറണാകുളം മഹാരാജാസ് കോളേജിലെ മലയാളവിഭാഗം അദ്ധ്യാപകനായ ഡോ. എൻ.വിജയകൃഷ്ണൻ സാറാണ്. ഉപദേശകനും വഴികാട്ടിയുമായ (Advisor and Guide) അദ്ദേഹത്തിന്റെ പ്രോത്സാഹനവും സ്നേഹവും സഹകരണവും ഉണ്ടായിരുന്നില്ലെങ്കിൽ ഈ പ്രബന്ധരചനയുടെ പൂർത്തീകരണം സുസാദ്ധ്യമാവുമായിരുന്നില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. സാറിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും, ചർച്ചകളിൽ നിന്നുരുത്തിരിഞ്ഞ വിലപ്പെട്ട പല അഭിപ്രായങ്ങളുമാണ് മൗലികമായ പല നിഗമനങ്ങൾക്കും എന്നെ സഹായിച്ചത്. അദ്ദേഹത്തോടുള്ള വാഗതീതവും ഹൃദയംഗമവുമായ നന്ദിയും കടപ്പാടും സാദരം അറിയിക്കുന്നു.

ഗവേഷണപഠനത്തിന് ഒ.എൻ.വിയുടെ ആദ്യകാലകൃതികളുടെ ദൗർലഭ്യം പ്രശ്നമായിരിക്കെ, ആയത് നൽകി സഹായിച്ച പ്രശസ്തകവി ശ്രീ. ഒ.എൻ.വി. സാറിനെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

ഗവേഷണവിഷയം തെരഞ്ഞെടുക്കുവാൻ എന്നെ സഹായിച്ച കോട്ടയം ഗവൺമെന്റ് കോളേജിൽ മലയാളവിഭാഗം അദ്ധ്യാപികയായിരുന്ന മിസ്. മേരി പോളിക്കുട്ടിയെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. ഗവേഷണത്തിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്തു തന്ന എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ, മലയാളവിഭാഗം മേധാവി ശ്രീമതി. ഇന്ദിരടീച്ചർ, എന്റെ പ്രിയ സുഹൃത്തും മലയാളവിഭാഗം അദ്ധ്യാപകനുമായ ശ്രീ. എം. ജി. ബാബുജി, മലയാള വിഭാഗത്തിലെ മറ്റ് അദ്ധ്യാപകർ, കോളേജിലെ അനദ്ധ്യാപകർ, കോട്ടയം ഗവൺമെന്റ് കോളേജിലെ പ്രിൻസിപ്പൽ, എന്റെ സഹപ്രവർത്തകർ, ഗവേഷണത്തിനു സഹായകമായ ഗ്രന്ഥങ്ങൾ തന്നു സഹായിച്ച നല്ലവരായ അദ്ധ്യാപകസുഹൃത്തുക്കൾ (ഒട്ടേറെപ്പേരുള്ളതിനാൽ ഓരോരുത്തരുടെയും പേര് പ്രത്യേകം എടുത്തു പറയുന്നില്ല), കോട്ടയം ഗവൺമെന്റ് കോളേജ് ലൈബ്രറി ജീവനക്കാർ എല്ലാവരോടുമുള്ള ആത്മാർത്ഥമായ നന്ദിയും കടപ്പാടും ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുന്നു.

ഈ പ്രബന്ധത്തിന്റെ ഡി.റ്റി.പി ജോലിയും അനുബന്ധപ്രവർത്തനങ്ങളും ഭംഗിയായി നിർവഹിച്ച മാവേലിക്കര അയോദ്ധ്യാ ഗ്രാഫിക്സിലെ പ്രവർത്തകർക്ക് എന്റെ ഹൃദയം നിറഞ്ഞ നന്ദി.

രാജൻ. ആർ.